# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 318 — 02-03-2020 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണപുരോഗതി

ചോദ്യം

ശ്രീ.വി.അബ്ദുറഹിമാൻ :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനം വളരെ പ്രതീക്ഷയോടെ കാണുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വിവിധ ഘടകങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചു. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | തുടങ്ങിയവ) | ടഗ് ബോട്ടുകൾ - 4 എണ്ണം | 3 ടഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുകയാണ് |
| | | യാർഡ്ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട് |

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം നിലവിലെ സാഹചര്യത്തിൽ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട പൂർത്തീകരണ തിയതി 2019 ഡിസംബർ 3 ന് അവസാനിച്ചു. പദ്ധതിയുടെ നിർണ്ണായകഘടകമായ പുലിമുട്ടിന്റെ നിർമ്മാണത്തിൽ ഉണ്ടായ കാലതാമസം മൂലമാണ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തത്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ കരാർ കമ്പനിക്ക് ലഭ്യമാക്കുന്നതിന് സാധിച്ചിരുന്നില്ല. അതിനാലാണ് പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം നേരിടുന്നത്. കരാർ പ്രകാരം പദ്ധതിക്ക് ആവശ്യമായ പാറ കണ്ടെത്തുന്നത് കരാർ കമ്പനിയുടെ ചുമതലയാണ്. കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ കണ്ടെത്തിയ ക്വാറികൾക്ക് ആവശ്യമായ അനുമതികൾ ലഭിച്ച് പ്രവർത്തനക്ഷമമാകുന്ന മുറക്ക് മാത്രമേ ഒന്നാംഘട്ടം പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്ന തീയതി നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂയെന്നാണ് കരാറുകാരായ അദാനി കമ്പനി അറിയിച്ചിട്ടുള്ളത്. കേരളത്തിന് പുറമേയുള്ള സ്ഥലങ്ങളിൽ നിന്നും പാറ കണ്ടെത്തുന്നതിലും കരാർ കമ്പനിക്ക് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

(സി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുന്ന എന്തെങ്കിലും പ്രശ്നങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

(സി) പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ, അദാനി കമ്പനി ലഭ്യമാക്കുന്നതിന് വരുന്ന കാലതാമസമാണ് തുറമുഖ നിർമ്മാണത്തിന്റെ പുരോഗതിയെ നിലവിൽ തടസ്സപ്പെടുത്തുന്നത്.

**സെക്ഷൻ ഓഫീസർ**